# പടവുകൾ

## 2023 -24




# MKAMHSS

## PALLANA

# മഹാകവി കുമാരനാശാൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ

# പല്ലന





# സ്നേഹമാണഖിലസാരമൂഴിയിൽ ...!!!

സമൂഹത്തിന്റെ മധ്യത്തിലേക്ക് ഇറങ്ങി നിന്ന് സമൂഹത്തിന്റെ വേദനകൾ സ്വയം ഏൽക്കുകയും അതിനെപ്പറ്റി തന്റെ തൂലിക പടവാളാക്കിയ സ്നേഹ ഗായകനായ കവിയായിരുന്നു കുമാരനാശാൻ

നൂറ് സംവത്സരങ്ങൾക്ക് മുൻപ് ബോട്ടപകടം അപഹരിച്ച മഹാകവി കുമാരനാശാന്റെ അനശ്വര തരംഗങ്ങൾ നിറഞ്ഞു നിൽക്കുന്ന ഗ്രാമമാണ് പല്ലന. പല്ലന കുമാരകോടിയിൽ നിന്നും ഒട്ടും അകലെയല്ലാതെ, കുമാരനാശാൻ ഹയർ സെക്കണ്ടറി സ്കൂൾ വിശ്വ മഹാകവിയുടെ ഓർമ്മയും പേറി വൈവിധ്യമായ അറിവിന്റെ ഉഗ്രതലങ്ങളെ പുതു തലമുറകളിലേക്ക് സന്നിവേശിപ്പിച്ച് ചൈതന്യ വത്തായ സരസ്വതീ ക്ഷേ ത്രമായി പരിലസിക്കുന്നു.



# MKAMHSS

# ഹൃദയപൂർവ്വം .....

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ
ആഭിമുഖ്യത്തിൽ ഞങ്ങൾ
തയ്യാറാക്കിയ പടവുകൾ എന്ന
ഡിജിറ്റൽ മാഗസിൻ
പൂർണ്ണമാകുന്നതിന് വിലയേറിയ
മാർഗനിർദ്ദേശങ്ങൾ നൽകി
ഞങ്ങളെ സഹായിച്ച
ആദരണീയരായ അധ്യാപകർക്കും
സഹപാഠികൾക്കും
നന്ദി പറഞ്ഞുകൊള്ളട്ടെ........

**എഡിറ്റോറിയൽ ബോർഡ്**

# താളുകളിലൂടെ .......


1. എന്റെവിദ്യാലയം
2. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്
3. എന്റെ ചിത്രം
4. MY SCHOOL
5. ആഴിതൻ വിങ്ങൽ
6. എന്തിനീ ക്രൂരത
7. രസകരമായ ഹാസ്യചിത്രങ്ങൾ
8. LK നേട്ടങ്ങൾ
9. സ്കൂൾ മികവുകൾ
10. e- വോടിംഗ്
11. എന്റെ ചിത്രങ്ങൾ




ആധുനിക സാങ്കേതികവിദ്യയുടെ മുന്നേറ്റത്തിൽ പുതിയ ലോകത്തേക്ക് പടവുകൾ കയറുന്ന പുതുതലമുറയ്ക്ക് നവംനവങ്ങളായ ആശയങ്ങൾ പകർന്നു നൽകുന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.

ആധുനിക സാങ്കേതിയുടെ വിദ്യയുടെ പുത്തൻ ആശയങ്ങൾ

പുതുതലമുറയ്ക്ക് പകർന്നു നൽകി സമൂഹത്തിന് ഉപകാരപ്രദമായ നിരവധി വിജ്ഞാന മേഖലകൾ തുറന്നു നൽകാൻ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. പല്ലന എം കെ എ എം എച്ച് എസ് എസിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ പ്രസിദ്ധീകരിക്കുന്ന മാഗസിനാണ് പടവുകൾ.

നമ്മുടെ പുത്തൻ കൂട്ടുകാർ പുറത്തിറക്കുന്ന ഈ പ്രസിദ്ധീകരണത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

HAMEED. A
HM- MKAMHSS



# MY SCHOOL

In halls where knowledge dances free,
My school, a place of reverie.
With books as friends and pens as keys,
Unlocking minds, igniting dreams.

In classrooms filled with curious minds,
Where learning's light forever shines.
Teachers guide with wisdom's grace,
Nurturing each unique embrace.

Through seasons passing, friendships bloom,
In shared pursuits, we chase the moon.
From laughter's echo to solemn hush,
Every moment, a brushstroke, a brush.

**- ABUL HASSAN**

# AI

## Artificial Intelligence

## ആർട്ടിഫിഷൽ ഇൻറലിജൻസ് മനുഷ്യരാശിക്ക് ഭീഷണിയോ?

'*ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സമീപ വർഷങ്ങളിൽ ആകർഷണീയതയും ഭയവും ഒരുപോലെ സൃഷ്ടിക്കുന്ന വിഷയമാണ്, മനുഷ്യരുടെ ജോലികൾ മാറ്റിസ്ഥാപിക്കാനുള്ള അതിന്റെ സാധ്യതയെ കേന്ദ്രീകരിച്ചാണ് ആശങ്കകൾ. AI ജോലിയുടെ ലാൻഡ്സ്കേപ്പിനെ പുനർനിർമ്മിക്കുന്നു എന്നത് ശരിയാണെങ്കിലും, ഈ സാങ്കേതികവിദ്യ പലരും വിശ്വസിക്കുന്ന ആസന്നമായ ഭീഷണിയല്ല.AI പ്രൊഫഷണൽ*


ജീവിതം മെച്ചപ്പെടുത്താൻ കഴിയുന്ന ഒരു ഉപകരണമായാണ് സ്വീകരിക്കേണ്ടത്.ഒരു എതിരാളി എന്നതിലുപരി ഒരു സഹകാരി എന്ന നിലയിലാണ് AI ഏറ്റവും നന്നായി കാണുന്നത്. മനുഷ്യ നൈപുണ്യങ്ങളെ പൂരകമാക്കാനും നമ്മുടെ ജോലികൾ എളുപ്പവും കാര്യക്ഷമവുമാക്കാനും ഇതിന് കഴിവുണ്ട്.AI സാങ്കേതികവിദ്യ പുരോഗമിക്കുമ്പോൾ, അത് പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നു. അത് രൂപകല്പന ചെയ്യാനും വികസിപ്പിക്കാനും നടപ്പിലാക്കാനും പരിപാലിക്കാനും മനുഷ്യരോട് AI ആവശ്യപ്പെടുന്നു. AI ഗവേഷണം, വികസനം, ഡാറ്റ വിശകലനം എന്നിവയിലെ ജോലികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെഎലോൺ മസ്കിന്റെ മനുഷ്യമസ്തിഷ്കത്തിന്റെ ഉള്ളിൽ ചിപ്പ് കടിപ്പിക്കുന്ന ചില പ്രക്രിയകൾവിജയകരമായി നടന്നു എന്ന ചില വാർത്തകൾ നാം അറിയുന്നുണ്ട്. അതിലൂടെ മനുഷ്യരും കൂടുതൽ ഇൻറലിജൻറ്റ് ആയിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ നോക്കിയാൽ തികച്ചും AI മനുഷ്യന് ഭീഷണി ആകില്ലെന്ന് നമുക്ക് പ്രതീക്ഷിക്കാം.

RUBEENA 8E

# മഴ

വേനൽ അറുതിയിൽ
ദൈവമായ മഴ
പേമാരിയായാൽ ഭീകരൻ
ആകുന്ന മഴ
വ്യക്തികളിൽ ശുദ്ധനും
അശുദ്ധനും ആകുന്ന മഴ
മഴ തരും കുളിര് ജലം ആനന്ദം
ഇവയെല്ലാം നുകരാൻ
നമുക്ക് സാധിക്കട്ടെ
അതിമനോഹരമായ മഴയുടെ
ആനന്ദം നുകരാൻസാധിച്ചതിൽ
പ്രകൃതിക്കു വന്ദനം

-അഭിനന്ദ 8D



# ആഴി തൻവിങ്ങൽ

വാനിൽ ചുംബനം ഏറ്റു ഉണരുകയും
സൂര്യൻറെ തലോടലാൽ മയങ്ങുകയും
പെയ്യുന്നഴി നിൻ വിങ്ങലിന്നേ ഭൂമിയെ
ദുഃഖത്തിൽ ആഴ്ത്തുമ്പോൾ നിൻറെ
ശുദ്ധിയിൽ വിങ്ങലേൽ മാനവൻറെ
കണ്ണീർ തുടയ്ക്കുന്നതും നീയേ
പരിശുദ്ധമായ നീരിനാൽ സമൃദ്ധം
നീയിനി അശുദ്ധിയേറ്റു വാങ്ങുമ്പോൾ
പകരമായി നീ സുനാമി തിരകൾ

നൽകിയിട്ടും നിന്നെയും നിൻ
മടിത്തട്ടിൽ ഉറങ്ങുന്നോരോ
പുഴകളെയും അരുവികളെയും ക്രൂരനാ
മനുഷ്യൻ തന്റെ വിശാല കരങ്ങളാൽ
ഇല്ലാതാക്കുമ്പോൾ നിന്നിൻ വസിക്കുന്ന
ഒരു ജീവജാലങ്ങൾ മനസ്സിൽ
സ്പന്ദനമില്ല ഇടി നാഥമായി
ഒഴുകിയെത്തിയിട്ടും എന്തേ മനുഷ്യൻ
അറിയുന്നില്ല ഈ ഭൂമിയിൽ നിനക്കുള്ള
ഒരു സ്ഥാനം മഞ്ഞായും മഴയും ഈ
ഭൂമിയിലേക്ക് വിരുന്നെത്തുന്ന
ജലഗണങ്ങളെ നീ നിൻ മാറിൽ കാത്തു
വയ്ക്കുമ്പോൾ തരുന്നു നീ ഈ
ഭൂമിയിലേക്ക് പുനർജന്മമേ.

Vyshak 9 B

# പ്ലാസ്റ്റിക് ഉപേക്ഷിക്കാം --

വിദ്യാലയത്തിൽ പ്ലാസ്റ്റിക്കിനോട്
ഗുഡ്ബൈ ചൊല്ലാൻ വഴികളുണ്ട്.

.പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാതെ അവ
ശേഖരിക്കാൻ മാത്രമായി ഒരിടം കണ്ടെത്താം
.പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും
ഉപകാരപ്രദമായ പുതിയ വസ്തുക്കൾ
നിർമ്മിച്ച എടുക്കാൻ ശ്രമിക്കാം

.പ്ലാസ്റ്റിക് പേനകളുടെ ഉപയോഗം കുറയ്ക്കാം
മഷി നിറച്ച് ഉപയോഗിക്കുന്ന പേനകളും
പേപ്പർ പേനകളും ശീലമാക്കാം

.ഭക്ഷണവും വെള്ളവും കൊണ്ടുപോകാൻ
കഴിവതും പ്ലാസ്റ്റിക് പാത്രങ്ങൾ
ഉപയോഗിക്കാതിരിക്കാൻ പ്ലാസ്റ്റിക്
കുപ്പികളിൽ വെള്ളം
എടുക്കുന്നതിന് പകരം
ക്ലാസ് മുറികളിൽ കൂജകൾ സ്ഥാപിക്കാം.



# എന്റെ വിദ്യാലയം

അറിവിന്റെ ലോകമാണ്
വിദ്യാലയം
ഗുരുവിൻറെ അറിവുകൾ
നമ്മളിലേക്ക് പകർന്നു
തരുന്നു
ജീവിതാവസാനം
വരെ കൂടെ കാണുന്ന ചില
സഹപാഠികൾ
സ്നേഹിക്കാനും
ക്ഷമിക്കാനുമുള്ള
എല്ലാ ബോധങ്ങളും
പകർന്നു തരുന്ന വിദ്യാലയം
അറിവിൻറെയും
ഒരായിരം ഓർമ്മകളുടെയും
സൗഹൃദസാഹോദര്യത്തിന്റെയും
നിറകുടമാണ് എന്റെവിദ്യാലയം.....

അളകനന്ദ 8C

# രസകരമായ ഹാസ്യചിത്രങ്ങൾ

സുനിമോൻ എന്ന ഞാൻ
ഇവനെ വീട്ടിൽ വിളിക്കാറ്. നാട്ടിലറിയപ്പെടുന്നത്
പക്ഷേ സരോജ് കുമാർ
എന്നാണ്.



1. കങ്കാരുവിന്റെ കുഞ്ഞ്
ഏത് പേരിലാണ് അറിയപ്പെടുന്നത്

**ഉത്തരം - ജോയ്**

രക്തദാനം
നടന്നുകൊണ്ടിരിക്കുമ്പോൾ തല്ലിക്കൊല്ലുന്ന രീതി
എന്നാണാവോ മാറുക.



2. ലോക രക്തദാന ദിനമായി
ആചരിക്കുന്ന ദിവസം ഏത്?

**ഉത്തരം - ജൂൺ 14**

MISRIYA 9B

# സ്കൂൾ മികവുകൾ

# 2023- 24

# സ്കൂൾ പ്രവർത്തനങ്ങൾ



**അമ്പലപ്പുഴ ഉപജില്ല സ്കൂൾ കലോത്സവം മൂന്നാം സ്ഥാനം.**



**സംസ്ഥാന മിനി നെറ്റ് ബോൾ  ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം**




M K A M H S S, Pallana





മധ്യപ്രദേശിൽ വച്ച്
നടക്കുന്ന നാഷണൽ
നെറ്റ്ബോൾ  മത്സരത്തിനുള്ള
കേരള ടീമിലേക്ക്
സെലക്ഷൻ ലഭിച്ച
**കാർത്തികയ്ക്ക്**




**വിമുക്തി - എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന ജില്ല വോളിബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം.**


ആന്ധ്രപ്രദേശിൽ
നടക്കുന്ന ദേശീയ സ്കൂൾ
സോഫ്റ്റ് ബോൾ
മത്സരത്തിന് കേരള
ടീമിലേക്ക് സെലക്ഷൻ
ലഭിച്ച
അനീഷ്. R



തൊടുപുഴയിൽ
നടന്ന സംസ്ഥാന
സ്കൂൾ ക്രിക്കറ്റ്
മത്സരത്തിൽ
മൂന്നാം സ്ഥാനം
നേടിയ ആലപ്പുഴ
ജില്ലാ ടീം അംഗമായ
അബിയാസ് മുസ്തഫ

# അഭിനന്ദനങ്ങൾ

2023 - 24 അധ്യയനവർഷത്തിൽലിറ്റിൽ
കൈറ്റ്സിന്റെജില്ലാ ക്യാമ്പിലേക്ക്
റോബോട്ടിക്സ് ആൻഡ് പ്രോഗ്രാമിംഗ്
വിഭാഗത്തിലും ആനിമേഷൻ
വിഭാഗത്തിലും തെരഞ്ഞെടുക്കപ്പെട്ട
അദിനാൻ മുഹമ്മദ്
മുഹമ്മദ് യാസർ എൻ

# എന്റെ ചിത്രങ്ങൾ



ദൈവമേ......
ഒരു തുള്ളിവെള്ളമെ-
ങ്കിലും വന്നിരുന്നെ-
ങ്കിൽ.




എന്റെ ദൈവമേ... എനിക്കീ ഭൂമിയെ മാലിന്യ-
വിമുക്തമാക്കാൻ കഴിയു-
ന്നില്ലല്ലോ? ഹാ... എന്നെ-
പ്പോലെ ഈ മനുഷ്യർ ഓരോ-
രുത്തരും വിചാരിച്ചിരുന്നെ-
ങ്കിൽ മാലിന്യമെന്ന രാക്ഷ-
സനിൽ നിന്ന് രക്ഷനേ-
ടാമായിരുന്നു.
ആദിത്യൻ പ്രേം
X D






RUBEENA RASHID

Thank You